# വർണ്ണച്ചെപ്പ്

## ഡിജിറ്റൽ മാഗസിൻ 2018-19

ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം



## ഗവ.എച്ച്.എസ്.പൊള്ളേത്തൈ



# എഡിറ്റോറിയൽ

കടലാഴങ്ങളെ സ്വപ്നങ്ങളിൽ ഒളിപ്പിച്ച് അറിവിൻ മുത്തുകൾ തേടിവന്ന പൊള്ളേത്തൈയുടെ മനസ്സും ചിന്തയുമായി ഞങ്ങൾ എഴുത്തിന്റെ മായിക ലോകത്തിലേക്ക് എത്തിയിരിക്കുകയാണ്.ഓരോരുത്തരുടേയും അനുഭവത്തിന്റെയും കാഴ്ചയുടെയും ലോകമാണ് ഇവിടെ നിങ്ങൾക്കായ് തുറന്നിടുന്നത്. സമകാലീന പ്രശ്നങ്ങളും ഭാവനയും യഥാതഥകാര്യങ്ങളും നിറഞ്ഞ അവതരണം.ഓരോ ക്ലാസ്സ് തല പ്രവർത്തനങ്ങളോടൊപ്പം മറ്റു സൃഷ്ടികൾ കൂടി ഉൾപ്പെടുത്തിയാണ് ഈ വാർഷിക പതിപ്പ് തയ്യാറാക്കിയിട്ടുള്ളത്. കവി പറഞ്ഞതുപോലെ ഇവിടെ ഉണ്ടായിരുന്നു എന്നതിന് തെളിവായി കിളികൾ ഒരു തൂവൽ പൊഴിച്ചിടുന്നതു പോലെ ഞങ്ങളും പൊള്ളേത്തൈയുടെ വിരിമാറിലൂടെ സഞ്ചരിച്ചിരുന്നു എന്നതിനായി ഇവിടെ അവശേഷിപ്പിക്കുന്ന ഒരു തെളിവാണ് 'വർണ്ണച്ചെപ്പ് '.ഇതിന്റെ ഓരോ താളിലൂടെയും യാത്ര ചെയ്യാൻ ഏവരേയും ഹൃദയപൂർവ്വം ക്ഷണിക്കുകയാണ്...... അഭിനന്ദനങ്ങൾക്കും വിമർശനങ്ങൾക്കും കാതോർത്തുകൊണ്ട് ഇവിടെ ഞങ്ങളുണ്ട്.. ... ചീഫ് എഡിറ്റർ



അന്നമ്മ ജോർജ്ജ് (എച്ച്.എം)

# ഉള്ളടക്കം


വിശ്വപ്രകൃതി……………………………………….04
നൂറുൾരുപാനോട്ട്……………………………………05
തെറ്റിനൊരു ശിക്ഷ…………………………………08
പ്രളയം……………………………………………….10
ദുരന്തമുഖത്ത്………………………………………12
പ്രളയം നൽകിയ പാഠം…………………………….14
ഇളംതെന്നൽ………………………………………..17
സ്ത്രീ…………………………………………………18
നീയോപ്രകൃതി……………………………………….20
മലർവാടി……………………………………………21
എന്റെ അനുഭവം…………………………………..22
നേർവഴി…………………………………………….23
മയിൽ……………………………………………….25
ജീവിതപാഠം………………………………………..26
മാരിവില്ല്…………………………………………..27
മരിക്കുന്നഭൂമി……………………………………..28
പരീക്ഷണങ്ങളുംനിരീക്ഷണങ്ങളും…………..29
പ്ലാസ്റ്റിക്കിന്റെ ഉപയോഗം………………………30
ഒരു പ്രകൃതിദത്ത പാനീയം……………………..31
പഴഞ്ചൊല്ല്………………………………………..32
കടങ്കഥകൾ…………………………………………33
കുസൃതിചോദ്യങ്ങൾ………………………………34
പള്ളിക്കൂടത്തിന്റെ പടിയിറങ്ങുമ്പോൾ……..35
കാർട്ടൂൺ……………………………………………36
ലേഖനം………………………………………………37
നന്ദി…………………………………………………38

# വിശ്വപ്രകൃതി



സൗഭാഗ്യമാണമ്മേ,നിൻമടിത്തട്ടിലി-
ന്നിങ്ങനെ ജീവിപ്പതൊരു ജന്മം ഞാൻ
ഇലകളായ്,മലകളായ്,അരുവികളായ്
നിന്റെ
"വിശ്വപ്രകൃതിയിൽ ഞാൻ ലയിപ്പൂ"
വൈരമായ് നീയെന്റെ കവിളിൽ തലോടുന്ന
മഴയാം ജനയിത്രീ നിന്റെ സ്നേഹം.
കഥകളായ്,കവിതകളായിന്നു ഞാൻ കേൾപ്പൂ
കേരവൃക്ഷങ്ങളാൽ തിങ്ങിനിൽക്കുന്നിടം
ദേവി നിൻ സൗന്ദര്യമെന്നുമെന്നും
ഹരിതപൂങ്കാവനം എന്നുമെന്നും
പിച്ചവെച്ചീടുന്നതാനന്ദമോടവർ
അംബികേ നിന്റെ കുരുന്നുമക്കൾ
ഗോകുല ഗാനങ്ങൾ പാടുന്ന കിളിമകൾ
ആടിതിമിർത്തിടും വൻതിരമാലകൾ
എന്തിരുന്നാലും ഈ വിശ്വപ്രകൃതിയിൽ ജീവിപ്പ-
തൊരു പുണ്യമാണു തായേ!"
സൗഭാഗ്യമാണമ്മേ,നിൻമടിത്തട്ടിലി-
ന്നിങ്ങനെ ജീവിപ്പതൊരു ജന്മം ഞാൻ"



*** ആതിര.പി.എം**

# നൂറുരൂപാനോട്ട്

ശ്ശെ...ഇന്നെങ്കിലും നേരത്തെ എഴുന്നേല്ക്കണം എന്നുവിചാരിച്ചതാണ് സമയം ഏഴുമണി.ഇനിയിപ്പോൾ എന്താ ചെയ്യാ?പെട്ടെന്ന് റെഡിയാവുക തന്നെ.കഷ്ടം!നേരത്തെ കിടക്കുമ്പോൾ എന്തെല്ലാം പ്ലാനിംഗായിരുന്നു.സുഗുണൻ പോലീസിന്റെ,കോഴിക്കൂടിന്റ മുന്നിൽനിൽക്കുന്ന ഗ്ലോബിമരത്തിലെ ചുവന്ന കായ്കൾ കുറെ ദിവസമായി തന്നെ മോഹിപ്പിക്കുന്നു.ആറ് മണിക്കു മുമ്പ് അവയിൽ പഴുത്ത തുടുത്തവ കൈക്കലാക്കണം, പോക്കറ്റ് നിറയെ പുളിയുമായി ക്ലാസ്സിൽ ചെന്നാൽ ഇന്നത്തെ ദിവസം ഹീറോ ഞാൻ തന്നെ...എന്തെല്ലാം കണക്കുകൂട്ടലായിരുന്നു എല്ലാം പൊളിഞ്ഞില്ലേ?ഇനിയെന്ത് സാരമില്ല......നാളയാവട്ടെ....അലാറംവച്ച് ഉറങ്ങണം...

തിടുക്കപ്പെട്ട് പടികളിറങ്ങുമ്പോഴാണ് ചിന്തിച്ചത് അയ്യോ...പേനയെടുത്തില്ല.ഓ ഇന്നലെ അച്ഛൻ എന്തോപൂരിപ്പിക്കുവാൻ പേനവാങ്ങിയിട്ട് തിരികെ തന്നില്ലല്ലോ...അച്ഛന്റെ മുറിയിലേക്ക് ഓടിചെന്ന് മേശവലിച്ച് തുറന്നുനോക്കി.ഉണ്ട്, പേന ഭദ്രമായി വച്ചിരിക്കുന്നു.പേന കൈയ്യിലെടുത്ത് തിരിയുമ്പോൾ എന്തോ ഒന്ന് കണ്ണിലുടക്കിയോ... അതെ നൂറുരൂപയുടെ ഒരു നോട്ട്...അവൻ നിശ്ചലനായി ,ആ നോട്ടിൽ നോക്കിനിന്നു.ഹൃദയം സന്തോഷത്താൽ ത്രസിച്ചു .അത് എടുത്താലോ....?അനീഷ് എപ്പോഴും ക്ലാസ്സിൽ പണം കൊണ്ടുവരും.എല്ലാവർക്കും ചോക്ളേറ്റ് വാങ്ങിക്കൊടുത്ത്

ഹീറോയാകും.തനിക്ക് ഇതുവരെ അതു സാധിച്ചിട്ടില്ല. ഇതെടുത്താൽ...എന്തെങ്കിലും പ്രശ്നങ്ങൾ ഏയ്...എന്തുണ്ടാവാൻ എടുക്കുകതന്നെ.പെട്ടെന്ന് നൂറിന്റെ നോട്ടുമെടുത്ത് പടിയിറങ്ങി ബാലു സ്ക്കൂളിലേക്ക്.

അയ്യോ...പീറ്റർചേട്ടന്റെ കട അടച്ചിട്ടിരിക്കുന്നല്ലോ..പോട്ടെ,ഉച്ചക്കു വാങ്ങാം എന്തെന്നില്ലാത്ത ഒരാവേശം മനസ്സിൽ.ആരോടെങ്കിലും താൻ പറഞ്ഞുപോകുമോ...വേണ്ട തല്ക്കാലം ആരോടും പറയണ്ട എല്ലാവരെയും ഒന്ന് ഞെട്ടിക്കുക തന്നെ.ഉച്ചയൂണിനുള്ള ബെല്ലടിച്ചു.സെക്കന്റുകൾക്കുള്ളിൽ അവൻ ഉച്ചഭക്ഷണം കഴിച്ചെഴുന്നേറ്റു.കടയിലെത്തി,കൈനിറയെ ചോക്ളേറ്റുകൾ.മനസ്സിൽ സന്തോഷം നുരഞ്ഞുപൊന്തി. കൊടുക്കേണ്ടവരുടെ  പേരുകൾ മനസ്സിൽ പൊങ്ങിവന്നു.എല്ലാവർക്കും കൊടുക്കണം ഇന്ന് ആഘോഷിക്കുകതന്നെ.

വൈകുന്നേരമായി ,സതീശൻചേട്ടന്റെ നീണ്ടമണിയടിക്കിടയിൽ ബാഗുമെടുത്ത് ചാടിയിറങ്ങി.ബാഗുമായി വീട്ടുപടിക്കലെത്തിയപ്പോൾ എന്തോ ഒരു ഭീതി തന്നെ കൊളുത്തിവലിക്കുംപോലെ ഹൃദയം പതിവിൽ കൂടുതൽ വേഗത്തിൽ ചലിച്ചുതുടങ്ങി.അച്ഛൻ അത് മനസ്സിലാക്കിക്കാണുമോ ? എങ്കിൽ എന്തായിരിക്കും ശിക്ഷ ഓർത്തപ്പോൾ നടുങ്ങിപ്പോയി.ചോക്ളേറ്റിന്റെ മാധുര്യം ചുണ്ടിൽനിന്ന് എപ്പോഴും പോയ് മറഞ്ഞിരിക്കുന്നു.വീട്ടിൽ ആരെയും കാണുന്നില്ലല്ലോ അമ്മേ...അവൻ നീട്ടിവിളിച്ചു ഇല്ല ഒരനക്കവുമില്ല. അടുത്ത വീട്ടിലെ രാധ ചേച്ചിയാണ് അവന്റെ വിളി കേട്ട് ഓടിയെത്തിയത്. മോനേ.....നിന്റെ അമ്മ ആശുപത്രിയിലാണ് നീ പോയികഴിഞ്ഞപ്പോൾ അച്ഛനും അമ്മയും തമ്മിൽ വഴക്കായി.

അച്ഛന്റെ പണം കണ്ടില്ലാ എന്നും പറഞ്ഞ് ദേഷ്യംവന്ന് അമ്മയെ പിടിച്ചുതള്ളി.അമ്മ തലയിടിച്ചുവീണു.ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കയാണ്.രാധചേച്ചിയുടെ വാക്കുകൾ ബാക്കിയൊന്നും അവൻ കേട്ടില്ല.ശരീരത്തിലൂടെ തണുത്ത ഒരു വിറയൽ അവന്റെ ചങ്കുതുളച്ചു കടന്നുപോയി.മുട്ടുകൾ വളഞ്ഞ് അവൻ നിലത്തുകുത്തിയിരുന്നു. ശിരസ്സ് കുനിഞ്ഞ് കണ്ണുപൊത്തി മണ്ണിൽക്കിടന്ന് ഏങ്ങലടിച്ചു.

*** ഗിരിജ വി.വി ***

**അദ്ധ്യാപിക**



# തെറ്റിനൊരു ശിക്ഷ



കണ്ണീരിൻ നനവ് പടർന്നിതാ
പല ജീവൻ മണ്ണിൽ കുതിർന്നിതാ
ജീവന്റെ നിലവിളിയൊച്ചകൾ
കാതിലെന്നും മുഴങ്ങി കേൾപ്പതിതാ
എന്റെ നാടായ കേരളനാട്ടിൽ

തോരാമഴതൻ ഈണംകുലമ്പിപോൽ
പ്രകൃതിയെന്തന്നറിഞ്ഞുപോൽ
കണ്ണിൽ തീക്കനൽ ജ്വാലയായ്പിന്നന്ന
മരണവെപ്രാളമെന്തെന്നറിയുന്നു

തെറ്റുകാട്ടി മനുഷ്യർതൻ കരങ്ങൾ
ശിക്ഷ നൽകി പ്രകൃതിതൻ കൈകൾ
പ്രളയമായി അതിഘോരമഴയായി
നെട്ടോട്ടമോടുന്നു പക്ഷിമൃഗാദികൾ

അഹങ്കാരവും ദേഷ്യവും എവിടെയോ
പോയ്മറഞ്ഞു,നന്മതൻ ദീപങ്ങൾ കത്തി മനസ്സിലും!
ഒരുമയോടൊത്ത് നിന്നപോൽ പലജീവൻ
രക്ഷിച്ചു മാനവർ

തെറ്റുകുറ്റങ്ങളെന്തെന്നറിഞ്ഞവർ
ചെയ്ത തെറ്റുകൾ ഏറ്റുപറയുന്നു
നന്മചെയ്തിടാം സ്നേഹിച്ചുനിന്നിടാം
പ്രകൃതിമാതാവേ രക്ഷിച്ചുകൊള്ളുക

വയലുകൾ,തോടുകൾ നികത്തി നീ...
മാലിന്യങ്ങൾ പുഴയിലെറിഞ്ഞു
രാസവസ്തു ഉപയോഗിച്ചുനീയെന്റെ
സന്തോഷമൊക്കെയും തല്ലിക്കെടുത്തി

അമ്മതൻസ്ഥാനത്തുനിന്നു ഞാൻ
നിന്റെ തെറ്റുകൾ കാട്ടിത്തരുന്നു
മാറുക ഈ സ്വഭാവവും നിന്റെ വാശിയും
സ്നേഹിക്കുകയെന്നെ നീയെന്നെ.
മറന്നീടുന്ന മക്കളെ നിന്നുടെ തെറ്റുകൾ ഞാൻ മറന്നീടുന്നു
ഓർത്തീടുന്നു മനുഷ്യർ തൻ ദുരന്തത്തിൻ
വേദന കണ്ണീർപൊഴിച്ചിതാ.......
ശക്തിക്രുടി മഴയെത്തിയപ്പോൾ നദികൾ
കവിഞ്ഞു പാടം നിറഞ്ഞു

വീടുകളിലെല്ലാം വെള്ളം നിറഞ്ഞു
രക്ഷതേടി അലഞ്ഞുനടന്നു
വിദ്യാലയങ്ങൾ ദുരിതാശ്വാസകേന്ദ്രമായി
തീരദേശത്തെ മത്സ്യതൊഴിലാളികൾ
നാടിന്റെ മക്കളായി പടയാളികളായി

എല്ലാ മനസ്സും ഒരുമയോടൊത്ത്
രക്ഷയ്ക്കായി പൊരുതിയീമണ്ണിൽ
ഓർക്കവയ്യാ....ദുരന്തത്തിൻ
നാളുകൾ അരുതേ ഇനി അരുതേ

സ്നേഹിച്ചീടാം പുഴകളെ വയലിനെ
അനുഭവിക്കാം അമ്മതൻ സ്നേഹം
ആസ്വദിക്കാം പ്രകൃതിസൗന്ദര്യം.



*ശ്രീലക്ഷ്മി സി.എസ്. *

# പ്രളയം

ഇന്നിതാ,മാലോകർ
ഇതുവരെ കാണാത്തൊരു
പേമാരി പെയ്തിറങ്ങി
ഞെട്ടിത്തരിച്ചു നിന്നു
പോയെല്ലാരും
ആ ദുരന്ത പെയ്ത്തു കണ്ട്.

മിഴികളടച്ച് തുറന്നിടും മുമ്പിതാ,
മനുഷ്യൻ മറയുന്നീ ഭൂവിൽ നിന്ന്.
മരണത്തിൻ നിഴൽ നീക്കി
പുറത്തുവന്നവരോ,മനം തകർന്ന-
ങ്ങനെ നിന്നുപോയ്.

സ്വപ്നങ്ങളെല്ലാം മണ്ണോട്
മണ്ണടിഞ്ഞിന്നിതാ ഒലിച്ചു-
പോയ് അനർഗളമായ്.
താങ്ങില്ല,തണലില്ല,
ഒന്നുറങ്ങീടുവാൻ ഇടമി-
ല്ലയീഭൂവിലെങ്ങും
ഒന്നു സ്വസ്ഥമായ് നാമം
ജപിക്കാൻ പോലും.

ആഴത്തിലാണ്ടുപോയ് ജീവിത നൗക
തുഴയില്ല,തുണയില്ല ഒന്നുയരുവാൻ.
കരയുന്ന പൈതങ്ങൾ,കെഞ്ചി
കിനിയുന്ന വൃദ്ധർ ,
ഈ പ്രളയക്കെടുതി-
യൊന്നു ശമിക്കാൻ !

മതമില്ല,ജാതിയില്ലെ-
ന്നോതി മാനുഷ്യർ
ഒറ്റക്കെട്ടായ് നിന്നു പട
പൊരുതിയെങ്കിലും,ജീവൻ
കവർന്നതു കൂത്താടി,ഒരു
രാവ് പകലായീടും മുമ്പേ
പ്രളയമേ,നീ നൽകി
മർത്ത്യന് ഒരിക്കലും
മറക്കാത്ത പാഠം..........



*** അപർണ്ണ ടി.എം.**

# ദുരന്തമുഖത്ത്...

നാമെല്ലാം,സുഖ നിദ്രയിൽ കഴിയവെ,
പെട്ടെന്നു ഞെട്ടിയുണർന്നു നാം,ചുറ്റിനും
ഭൂമിതൻ നിലവിളിയുയരവെ,
പെട്ടെന്നെണീറ്റു നോക്കി,ചുറ്റുപാടും
കണ്ടമാത്രയിൽ തന്നെ വിറച്ചു നാമേവരും.
പെട്ടെന്നു പൊട്ടി പുറപ്പെട്ടൊരീമഴ
കൊണ്ടുപോയ് സർവ്വവും തന്റെ കരങ്ങളിൽ
പേടിച്ചു ശോകാകുലരായേവരും
അറിയില്ലയാർക്കുമേ, ഇനിയെന്തു ചെയ്യും നാം ?

വസ്ത്രങ്ങൾ,ഭക്ഷണം പാഠപുസ്തകം !
എല്ലാമൊലിച്ചുപോയ് വെള്ളക്കെട്ടുതിയിൽ
എന്തിനിന്നേറെ പറയുന്നു,പൊട്ടിത്തകർന്നു
പോയ് വീടുകൾ പോലുമേ...
എവിടെയിനി അന്തിയുറങ്ങും നാം ? ഇനി
ആരു തരും ജീവനാഡിയാം പുസ്തകമലരുകൾ ?
ഉയരുന്നുവിന്ന് ആയിരം ചോദ്യങ്ങൾ
വെമ്പുന്നു ചുണ്ടുകൾ, ഒന്നുറക്കെ കരയുവാൻ.

എല്ലാം നശിച്ചു വെണ്ണീറായിവിടം,
നഷ്ടമായ് അമ്മതൻ സൗന്ദര്യലഹരിയും,
കടപുഴകി വീണു,മരങ്ങൾ,കൊണ്ടുപോ-
യമ്മതൻ പച്ചകലർന്ന സുന്ദരദൃഷ്ടി
തണലില്ല ഭൂമിയിൽ,വെയിൽ തന്നെയെങ്ങുമേ
അല്പം തണലിനായുലയുന്നു മാനുഷ്യർ

പെട്ടുപോയ് മാനുഷ്യർ വെള്ളക്കെടുതിയിൽ
അന്തിയുറങ്ങി മണ്ണിന്നടിയിൽ ചിലർ
കണ്ടില്ലാ മുമ്പെങ്ങുമിത്തരമൊരു കെടുതി
അറിയില്ലയാർക്കുമേ എന്തിതിനു കാരണം !

എല്ലാം നഷ്ടമായിന്നു മാനുഷ്യന്
കെട്ടു അഹംഭാവംകൊണ്ട തിരികളും
ദുഖങ്ങൾ മാത്രം സമ്മാനിച്ചൊരീ,
ദുരന്തക്കെടുതിയെ എന്തുവിളിക്കും നാം ?
പ്രളയമെന്നൊരു വാക്കിലൊതുക്കിയാൽ
അറിയില്ല പലരുമിന്നവരുടെ വേദന

"പെട്ടുപോയ് മാനുഷ്യർ ദുരന്തമുഖത്തിന്ന്
കഷ്ടത മാത്രമിന്നേവർക്കും സമ്മാനം"

ശമിച്ചു,ഇന്ന് ദുരന്തക്കെടുതികൾ(പ്രളയക്കെടുതികൾ)
പക്ഷെ,ഭയക്കുന്നു തീരദേശമക്കൾ
കടലിന്റെയാക്രമണം,
എപ്പോൾ ക്ഷുഭിതയാകും കടലെന്ന് നിശ്ചയമില്ലാതെ
ഭയക്കുന്നിന്നേവരും.
"പെട്ടുപോയ് മാനുഷ്യർ ദുരന്തമുഖത്തിന്ന്
കഷ്ടത മാത്രമിന്നേവർക്കും സമ്മാനം."

*** ആതിര പി.എം.**

# പ്രളയം നൽകിയ പാഠം

പഴഞ്ചൊല്ലുകൾ ചില സന്ദർഭങ്ങളിൽ സത്യമാകാറുണ്ട്. ഈ കഴിഞ്ഞ പ്രളയം അതിന് ഉദാഹരണമാണ്.'കൊടുത്താൽ കൊല്ലത്തും കിട്ടും'. മനുഷ്യന്റെ ചെയ്തികൾ പലപ്പോഴും പ്രകൃതിയെ ബാധിക്കാറുണ്ട് .മരങ്ങൾ വെട്ടിനശിപ്പിക്കുക,വയലും തോടും മറ്റും നികത്തുക തുടങ്ങി മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരത നിസാരമല്ല.ഓരോ തവണ മനുഷ്യൻ പ്രകൃതിയോട് ക്രൂരത കാണിക്കുമ്പോഴും പ്രകൃതി അതിനൊരു തിരിച്ചടിനൽകിയില്ല.എത്രയെന്ന വെച്ച് പ്രകൃതി ഈ ക്രൂരതനേരിടും?മനുഷ്യന്റെ ചെയ്തികൾക്ക് പ്രകൃതിയുടെ മറുപടിയാണിത്.

പ്രളയം അത് നിസാരമായിരുന്നില്ല പലരുടേയും ജീവിതം തകർത്ത പലരുടേയും ജീവിതം നശിപ്പിച്ച ആ സംഭവം ഞരമ്പിൽ ചോരയുള്ള,മനസ്സിൽ സ്നേഹമുള്ള ആരുടേയും മനസ്സിൽ നിന്നും മാറുന്നതല്ല.തോരാത്ത മഴയും തീരാത്ത ദുഖവും.അതിന്റെ ശക്തി ആഴ്ച്ചകളോളവും മാസങ്ങളോളവും നീണ്ടുനിന്നു.സന്തോഷവും സമാധാനവും നിറഞ്ഞ വീടുകളിൽ കണ്ണീർമഴയായി.

നാടിന്റെ മക്കളായ മത്സ്യത്തൊഴിലാളികൾ അവരുടെ ജീവൻ വെടിഞ്ഞ് വള്ളവുമായി മുന്നോട്ടുവന്നു. ജീവൻ പോയാലും ഒരു ജീവനെങ്കിലും രക്ഷിക്കുക അതായിരുന്നു അവരുടെ ലക്ഷ്യം.ആ ലക്ഷ്യം നിറവേറ്റുന്നതിനായി അവർ അവരാലാവുന്നത്ര പരിശ്രമിച്ചു.അവരുടെ പരിശ്രമം നൂറുകണക്കിന് ജീവൻ രക്ഷിച്ചു.

പണമുള്ളവൻ, പണമില്ലാത്തവൻ എന്ന വ്യത്യാസമോ,ജാതി മത വേർതിരുവോ,വർണ്ണവിവേചനമോ ഉണ്ടാകാതെ കേരളത്തിന്റെ മക്കൾ രക്ഷാപ്രവർത്തനത്തിന് ഒറ്റക്കെട്ടായി പ്രവർത്തിച്ചു.കണ്ടുനിൽക്കെ പണവും,പുസ്തകവും,അവശ്യരേഖകളും, ജീവനുകളും ഒഴുകിപ്പോയി.

ഒരു നേരത്തെ അന്നത്തിനായി,ഒരു രാത്രി ഒന്നു തലചായ്ക്കാൻ ഒരിടത്തിനായി അവർ കൊതിച്ചു.എല്ലാവരും കൂടെയുണ്ടെങ്കിലും ആരുമില്ലാത്ത അവസ്ഥ നേരിടേണ്ടി വന്നു.

വിദ്യാലയങ്ങൾ ദുരിതാശ്വാസകേന്ദ്രങ്ങളായി മാറി.സുമനസ്സുകൾ അവർക്ക് വസ്ത്രങ്ങളും അന്നവും സമ്മാനിച്ചു.മനുഷ്യന്റെ അഹങ്കാരത്തിന് ഈ പ്രളയം അല്പം ശമനമുണ്ടാക്കി.ഇങ്ങനെയൊരു പാഠം പ്രകൃതി കരുതിവെച്ചിരുന്നതായിരിക്കണം. ഈയൊരു പ്രളയത്തിലൂടെയെങ്കിലും മനുഷ്യൻ അല്പം നന്നായി. മനുഷ്യർ പുഴകളിൽ നിക്ഷേപിച്ച മാലിന്യങ്ങൾ

പ്രളയരൂപത്തിൽ കൊണ്ടുവന്ന് വീടുകളിൽ നിക്ഷേപിച്ചു.ഇനിയും ഈ തെറ്റ് ആവർത്തിച്ചാൽ തിരിച്ചടി ഉറപ്പ് എന്ന പാഠമാണ് പ്രകൃതി നമുക്ക് സമ്മാനിച്ചത്.

ഇത് കണ്ടിട്ട് ഇനിയെങ്കിലും പ്രകൃതിയെ സ്നേഹിക്കുക,പ്രകൃതി സംരക്ഷിക്കുക.നന്മ ചെയ്തില്ലെങ്കിലും തിന്മ ചെയ്യാതിരിക്കുക.പ്രകൃതിയെ സംരക്ഷിച്ചില്ലെങ്കിലും നശിപ്പിക്കാതിരിക്കുക.പ്രകൃതി നൽകുന്ന പാഠം ഇതുതന്നെയാണ്.വരും തലമുറയെങ്കിലും ഇത് കണ്ടറിഞ്ഞ് വളരുക.നാടിന്റെ നന്മയ്ക്കായി പ്രകൃതിയുടെ നല്ലതിനായി കൈകോർത്ത് മുന്നേറുക,നല്ലൊരു പ്രകൃതിയെ സൃഷ്ടിക്കുക.ഇതായിരിക്കണം നമ്മുടെയെല്ലാം മനസ്സിലുണ്ടാകേണ്ടത്.

*ശ്രീലക്ഷ്മി. സി.എസ് *



# ഇളം തെന്നൽ

മലനിരകൾക്കിടയിലൂടെ തെന്നി നോക്കുന്നു

കടലിൽ നിന്നുണർന്ന് പൊങ്ങി

വെളിച്ചം പാകുന്നു സൂര്യൻ

കോകിലത്തിൻ മധുരമീഗാനം

കേട്ടു രസിപ്പൂ ഞാൻ തേന്മൊഴിപോൽ

അരുവിതൻ ഈണം ആഹ്ലാദിപ്പൂ ഞാൻ

മലർ തഴുകും തെന്നൽ ഗാനം കുളിരേകുന്നല്ലോ

മനസ്സിൽ നിറയുന്നൊരു പല്ലവിയായി ഒഴുകിനടന്നല്ലോ

പലപലവർണ്ണങ്ങൾ ചേരും പൂന്തോട്ടത്തിൻ

സൗന്ദര്യത്തിൽ പൂമ്പാറ്റകളെന്നതു പോലെ പാറിനടന്നല്ലോ

ഹിമമണിയും പുൽമേടുകളേ തഴുകി നടന്നില്ലേ

പൂക്കളത്തിൻ ചുറ്റും കൂടി പാട്ടും പാടീല്ലേ..!

ഒരു തെന്നൽ പാടും കവിതപോലെൻ

ഓർമ്മകളായില്ലേ എല്ലാം,വർണ്ണിച്ചാൽ

തീരാത്തൊരു സുന്ദര ശില്പം നീ.....!

ആരാരും കണ്ടിടാത്തൊരു മായാജാലം നീ....!




*അശ്വിൻ.കെ*

# സ്ത്രീ

വിണ്ണിലൊരു പുത്തനാം താരോദയംപോലെ
മണ്ണിൽ പിറന്നവൾ,ഒരു കുഞ്ഞുമാലാഖ
ആദിയാണവൾ,അഴകെഴുന്നവൾ മുന്നിലെന്നും
സ്നേഹത്തിൻ ആർദ്രമാം താളവും സഹനത്തിൻ
ശക്തിയുംസംഗമിച്ചുണ്ടായൊരാദിശക്തി.....

ആടിത്തിമിർക്കേണ്ട ബാല്യകൗമാരങ്ങൾ
ഭീതിദമാക്കുന്നവർക്കു നിങ്ങൾ
സ്വപ്നം നിറച്ചാർത്തെഴുതുമീ യൗവ്വനം
കളങ്കിതമാക്കുന്നവർക്കു ചുറ്റും



അമ്മയായ് ദേവിയായ് പൂജിച്ചവളേ..
മറ്റൊന്നായ് കാൺമവനെത്ര ശൂന്യൻ
സ്ത്രീയെന്ന ശക്തിയെ കണ്ടറിയാത്തവൻ
പാരിൽ വസിപ്പാനയോഗ്യനത്രേ...

രക്ഷകനാകേണ്ടവൻ തന്നെ പെണ്ണിനെ
കാമാർത്തിക്കണ്ണാലെ കീറിമുറിക്കവെ
കരുണയ്ക്കായ് യാചിക്കും അവളുടെ
കണ്ണുനീർ...... കലിയുഗരക്ഷകാ നീയെവിടെ ?

കത്തിജ്ജ്വലിക്കുമൊരിക്കലീ രോഷാഗ്നി
സഹനത്തിനതിരുകൾ തകർക്കുമൊരുതീജ്ജ്വാല.....
ദുശ്ശാസനൻമാർക്കൊരു പാഞ്ചാലപത്നിയായ്
മഹിഷാസുരൻ മുന്നിലൊരു ഭദ്രകാളിയായ്...

മാ... നിഷാദാ... ഇനിയുമൊരു താണ്ഡവം
സംഹാരതാണ്ഡവം ആടിക്കരുത് നീ ഇവളെയിന്ന്
ആർച്ചയും, ഝാൻസിയും, ശീലാവതിയുമായ്
വർണങ്ങൾ, ഭാവങ്ങൾ മാറി മാറി
പ്രളയവും, അഗ്നിയും,കാറ്റും,വരൾച്ചയും
പ്രകൃതിയും ഞാനാണതോർത്തുകൊൾക
പ്രകൃതിയും ഞാനാണ് അതോർത്തുകൊൾക.

-വി.വി.ഗിരിജ
**അദ്ധ്യാപിക**



# നീയോ പ്രകൃതി !

പച്ചയാം വിരിപ്പിട്ട കിടക്കപോൽ തോന്നും
പച്ചവർണ്ണ നിറമുള്ള കിളികളാലും
പൂക്കളായും പുഴകളായും തിങ്ങിനിറഞ്ഞു
നിൽക്കുന്ന നീയോ പ്രകൃതി !
കാറ്റായും മഴയായും ആഞ്ഞടിക്കുന്ന
നീയോ പ്രകൃതി !
അമ്മയാകുന്ന  മടിത്തട്ടിൽ ശ്യാമ
വർണ്ണങ്ങൾ  വിരിയുന്ന നീയോ  പ്രകൃതി !
പ്രകൃതിയാകുന്ന ദേവി  നിന്റെ
ആരാധിക ഞാൻ..



*ഭാവന.എം*

.

# മലർവാടി



പുലരും മുതൽ ഇരുളും വരെ
ആകാശം നോക്കി ചിരിക്കുമീപൂക്കൾ
പ്രകൃതിതൻ സൗന്ദര്യം നിറഞ്ഞു-
നിൽക്കുമീ മലരുകൾ,
മുല്ലയും , പിച്ചിയും, മന്ദാരവുംപിന്നെ
മറ്റെല്ലാപൂക്കളും സൗരഭ്യം തൂകുന്ന
മലർവാടിയാണീ പ്രകൃതി.

* അനുശ്രീ. കെ.എസ്*



# എന്റെ അനുഭവം

ഏറ്റവും അധികം ഇഷ്ട്പ്പെട്ട അധ്യാപന ജീവിതത്തിലേക്ക് കടന്നപ്പോൾ വളരെയേറെ ആത്മസംതൃപ്തി അനുഭവിച്ച നിമിഷം,ഒരിക്കലും മറക്കാൻ പറ്റാത്ത നിമിഷം അതായിരുന്നു, എന്റെ അധ്യാപന കാലഘട്ടം.ജോലിയിൽ പ്രവേശിച്ച നാളിൽ എന്നെ വിശ്വാസത്തോടെ ഏല്പിച്ച എന്റെ നന്ദിനിക്കുട്ടിയെ നന്ദിനിക്കുട്ടിയാക്കാൻ കഴിഞ്ഞതിൽ എനിക്ക് അഭിമാനമുണ്ട്.ഞാൻ ഒന്നാം ക്ലാസ്സിൽ പഠിപ്പിക്കുമ്പോൾ എന്നും കരച്ചിലോട് കൂടിയാണ് നന്ദിനി ക്ലാസ്സിൽ വരിക. എന്നെ കണ്ടാൽ മാത്രമേ ,എന്റെ കൂടെ മാത്രമേ നന്ദിനി ഇരിക്കുകയുള്ളു. ഏതു നേരവും  അമ്മയെ കാണണം എന്ന ചിന്തയോടെയുള്ള കരച്ചിൽ, ആ നിമിഷത്തിലും പാട്ട്പാടാൻ പറഞ്ഞാലും,കഥ പറയാൻ പറഞ്ഞാലും ചെയ്യും.ഇന്റർവെല്ലിന് എന്നോടൊപ്പം സ്റ്റാഫ്റൂമിൽ,സ്റ്റാഫ് മീറ്റിങ്ങിലും എന്നോടൊപ്പം തന്നെ.സഹപ്രവർത്തകരിൽ പലരും എന്നെ വഴക്കുപറഞ്ഞിട്ടുണ്ട്.അതൊന്നും കാര്യമാക്കാതെ ഞാൻ കൂടെ കൊണ്ടു നടന്നു നന്ദിനിക്കുട്ടിയെ. കുട്ടികൾ പലരും ചോദിച്ചു ടീച്ചറുടെ മോളാണോ എന്ന്'അതെ എന്ന ഉത്തരമാണ് ഞാൻ പറഞ്ഞത്. അങ്ങനെ നന്ദിനിക്കുട്ടി എന്റെ ജീവിതത്തിന്റെ ഭാഗമായി.



*** ജെസ്സി.പി.കെ***

**അധ്യാപിക**

# നേർവഴി

പുതുതലമുറയക്ക് പ്രിയപ്പെട്ട കാര്യങ്ങൾ മിക്കതും ജീവിതത്തിൽ അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നതാണെന്ന് കുട്ടികൾ ഓർമ്മിക്കണം.അത് പാൻമസാലയായാലും മദ്യമായാലും ലഹരിമരുന്നായാലും.ഇക്കൂട്ടത്തിൽ മൊബൈൽ,ഇന്റെർനെറ്റ് എന്നിവ കൂടി ഇനി ചേർക്കണം.

- ചില സാഹചര്യങ്ങളോടു No പറയാൻ ശീലിക്കണം.ബന്ധുക്കളോ കൂട്ടുകാരോ പുകവലിക്കും മദ്യപാനത്തിനുമൊക്കെ നിർബന്ധിച്ചേക്കാം, ഇത്തരം പ്രലോഭനങ്ങളിൽ വീഴരുത്.സൗഹൃദ സംഘങ്ങളിൽ വഴിതെറ്റിക്കുന്നവർ ഉണ്ടെങ്കിൽ അവരിൽ നിന്ന് അകലം പാലിക്കാൻ മടിക്കരുത്.
- സ്വകാര്യഭാഗങ്ങളിൽ സ്പർശിക്കാൻ ആരെയും അനുവദിക്കരുത് മനസ്സിന്റെയും ശരീരത്തിന്റെയും സർവാധികാരി ഞാൻ തന്നെയാണെന്ന ഉത്തമബോധം വേണം എപ്പോഴും. അമിത സ്നേഹപ്രകടനങ്ങൾ പ്രോത്സാഹിപ്പിക്കരുത്.ആരും തൊടരുത്,ആരോടും മിണ്ടരുത് എന്നല്ല, ദുരുദ്ദേശ്യത്തോടെയുള്ള നോട്ടവും സ്പർശവും വാക്കുകളും തടയണം.
- ഭീഷണികൾക്ക് വഴങ്ങരുത്. ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ രക്ഷിതാക്കളോടോ, അദ്ധ്യാപകരോടോ ഉടൻ പറയണം.ചെറിയ കാര്യങ്ങൾ ഒളിച്ചുവയ്ക്കാൻ ശ്രമിക്കുന്നത് വലിയ

അപകടത്തിലേക്കാകും നയിക്കുക.

- ➔ അത്യാവശ്യത്തിനു മാത്രമേ മൊബൈൽ ഉപയോഗിക്കാവൂ.അപരിചിതർക്കു നമ്പർ നൽകരുത്.അപരിചിതരുടെ കോളുകൾ അവഗണിക്കണം.ഒരു മിസ്ഡ് കോളിൽ നിന്ന് അപകടവഴിയിൽ എത്തിയവർ ഏറെ.
- ➔ ഇന്റർനെറ്റിലെ അശ്ലീലസൈറ്റുകൾ സന്ദർശിക്കുന്നതും മാനസികവൈകല്യങ്ങളിലേക്കും മനോരോഗങ്ങളിലേക്കും നയിക്കും.ഇത്തരം സൈറ്റുകൾ സന്ദർശിക്കുന്നതും കുറ്റകൃത്ത്യമാണ്.
- ➔ ഓൺലൈൻ സൗഹൃദകൂട്ടായ്മകളിൽ ചേരുന്നവർ ഫോട്ടോ അപ്‌ലോഡ് ചെയ്യുന്നതും നിങ്ങളുടെയും മറ്റുള്ളവരുടെയും വ്യക്തിപരമായ വിവരങ്ങൾ ചേർക്കുന്നതും ഒഴിവാക്കുന്നതാണ് നല്ലത്.ഓൺലൈനിൽ വെളിപ്പെടുത്തുന്ന വിവരങ്ങൾ രഹസ്യമായിരിക്കില്ലെന്ന് ഓർമിക്കുക.
- ➔ ആരുടേയും പ്രലോഭനങ്ങളിൽ വീഴരുത്.ഇത്തരം വാക്കുകളിൽ പിന്നീട് തീരാദുഃഖത്തിൽ തള്ളിവിടും.

"മുന്നോട്ടുള്ള ഓരോ ചുവടുവയ്പ്പിലും നമുക്ക് ഉറപ്പാക്കാം ഈ നേർവഴി"

*** നിഷ പ്രവീൺ***
**സ്കൂൾ കൗൺസിലർ**



# മയിൽ



മയിലേ....മയിലേ....പൂമയിലേ....
പീലി വിടർത്തി....ആടാമോ ?
കാർമേഘങ്ങൾ വന്നണയുമ്പോൾ
പീലിവിടർത്തി തുള്ളാമോ ?

മയിലാട്ടങ്ങൾ കാണാനായി
വന്നണയുന്നു എല്ലാരും....
മയിലേ....മയിലേ....പൂമയിലേ....
പീലിവിടർത്തി കളിക്കാമോ ?




***സ്നേഹ.ജെ.ബ്രിട്ടോ***

# ജീവിതപാഠം

സൂര്യനുദിക്കും മാനം നോക്കി
പുഞ്ചിരി പകരും പൂക്കൾ
പുലരികൾ, സന്ധ്യകൾ, രജനികൾ
പലതും അനുഭവിക്കുന്നു നമ്മൾ
പുതുതലമുറയെ വരവേൽക്കാനായ്
കാത്തിരിക്കും പ്രകൃതി
സന്തോഷത്തിൻ നിറദീപവുമായ്
വരവേൽക്കുന്നൊരു പ്രകൃതി
പല പല കാഴ്ച്ചകൾ പല പല
നിറങ്ങൾ സുഗന്ധം പല വിധമല്ലോ...



*നിഖിതാ പൗലോസ്



# മാരിവില്ല്



സപ്തനിറങ്ങളാൽ സൗന്ദര്യം
ചൂടി നിൽക്കും
സുന്ദരിയാമൊരു മാരിവില്ലേ,
വാർമഴവില്ലായ് വാനിൽ
നിറങ്ങൾ പരത്തുന്ന
സുന്ദരിയല്ലോ നീ.

നിൻ സൗന്ദര്യത്തിൻ മുമ്പിൽ
തല ചായ്ക്കുന്നു ഞാൻ.
മനസ്സിൽ നിറയുന്ന ആനന്ദമേ
ആഹ്ലാദിച്ചീടുന്നു ഞാൻ ഓരോ
നിറങ്ങളെണ്ണി ഓരോ
കിനാവുകൾ കണ്ടീടുന്നു.

ഗഗനത്തിൻ രാജകുമാരി-
യായ നീ, സൂര്യന്റെ
രശ്മി പതിച്ച്,രാജ്ഞിതൻ
കിരീടമായ് വൈരക്കല്ലു-
കളണിഞ്ഞിന്ന് ആഹ്ലാദിപ്പൂ
മഴവില്ലേ, മാരിവില്ലേ, എന്നരികിൽ
വന്നുചേരൂ, നിൻ സൗന്ദര്യത്തിൻ
ആഴം അറിഞ്ഞീടട്ടേ ഞാൻ......



* റോസ് മേരി ജോൺ*

# മരിക്കുന്ന ഭൂമി



പച്ചപ്പട്ടുവിരിച്ച വയലിൽ ഞാൻ
പിച്ചവെച്ചു നടക്കാനിറങ്ങുമ്പോൾ
ചേച്ചിതൻ വാക്കുകളിന്നു കേട്ടു ഞാൻ
പ്രകൃതി സൗന്ദര്യം ആസ്വാദിച്ചീടുക.
കാലം മാറുന്നു, തലമുറ മാറുന്നു
പ്രകൃതി സൗന്ദര്യവും ഇന്ന് മാറുന്നു.

പൂക്കളൊക്കെയും വാക്കുകളാക്കുമ്പോൾ
പുഴകളൊക്കെയും വറ്റിവരളുമ്പോൾ
കാടുകൾ ഇന്ന് ഓർമ്മകളാകുന്നു
തെന്നലിന്നു നിലവിളിയാകുന്നു
ഓണക്കാലം ഞായറാഴ്ച പോലാകുന്നു


ഓർക്കുക നിങ്ങളോരോരുത്തരുമിന്ന്
പ്രകൃതിയില്ലാ മനുഷ്യരില്ലാത്തൊരീ
ലോകമെത്തുമെന്നോർക്കുകയിന്നു നീ
ജീവിതത്തിൻ അന്ത്യമെത്തിയിതാ
കാണുകയിന്നു കണ്ണീരുനുപ്പുമായ്
കാണുകയിന്നു ഭൂമിതൻ വേർപ്പാട്......



*ആര്യ മാളവിക*

# നിരീക്ഷണപരീക്ഷണങ്ങൾ

- ഒരു സ്‌കെയിലു കൊണ്ട് ഒരു ത്രാസുണ്ടാക്കുക.തട്ടുകൾക്കു പകരം തുല്യഭാരമുള്ള രണ്ടു വലിയ പേപ്പർ കവറുകൾ തലകീഴായി രണ്ടറ്റത്തും തൂക്കിയിടുക.ഒരു കവർ വിടർത്തി അതിനകത്ത് മെഴുകുതിരി നാളം കാണിക്കുക.ത്രാസിന്റെ ആ-വശം പൊങ്ങുന്നതായി കാണാം.



- ചേമ്പിന്റെ തണ്ട് 8cm.നീളത്തിൽ മുറിച്ചെടുത്ത് വെള്ളത്തിലിടുക.ഒന്നും സംഭവിക്കുന്നില്ല.ഇതിന്റെ നെടുകെ 4cm നീളത്തിൽ രണ്ടു കീറലുകൾ ലംബമായി ഇടുക.ഇത് വട്ടത്തിൽ വെട്ടിയ ഭാഗം പൂപോലെ വികസിക്കുന്നത് കാണാം.



**-അനഘ ശങ്കർ**

# എന്തുകൊണ്ട് പ്ലാസ്റ്റിക്ക് പദാർത്ഥ-
# ങ്ങളുടെ ഉപയോഗം കുറയ്ക്കണം...?

| പദാർത്ഥങ്ങൾ | മണ്ണിൽ ലയിച്ചു ചേരുന്നതിനു വേണ്ട കാലയളവ് |
|---|---|
| പഴത്തൊലി | 3 ആഴ്ച്ച |
| പേപ്പർ ബാഗ് | 1 മാസം |
| പരുത്തി തുണി | 5 മാസം |
| കമ്പിളി | 1 വർഷം |
| തുകൽ ചെരുപ്പ് | 40 മുതൽ 50 വരെ |
| പ്ലാസ്റ്റിക് | 1000 വർഷം |

മാലിന്യങ്ങൾ അശാസ്ത്രിയമായി കൈകാര്യം ചെയ്യുന്നതുമൂലം ജൈവ/അജൈവ മാലിന്യങ്ങളുടെ ഒരു കൂമ്പാരമായി നമ്മുടെനാട്മാറിയിരിക്കുന്നു.

ജൈവ മാലിന്യങ്ങൾ പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ് വലിച്ചെറിയുന്നത് വ്യക്തി ശുചിത്വവും,പരിസര-ശുചിത്വവും വാതോരാതെ പ്രസംഗിക്കുന്ന മലയാളിഒരു ശീലമാക്കി മാറ്റിയിരിക്കുന്നു.മാലിന്യങ്ങൾ ഉറവിടത്തിൽ വെച്ചുതന്നെ സംസ്ക്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ മാത്രം ശേഖരിച്ചു കൊണ്ടു പോകുന്നതിനും പുതിയ മാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. അജൈവ മാലിന്യങ്ങളിൽ പ്രധാനി പ്ലാസ്റ്റിക് കാരിബാഗുകൾ തന്നെ. ഉപയോഗശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക് ഡോട്ട് പേനകളുടെയും,പ്ലാസ്റ്റിക് ബോട്ടിലുകളുടെയും

എണ്ണമെടുത്താൽ നമ്മുടെ പ്രകൃതി ഓരോ ദിവസവും ഏറ്റുവാങ്ങുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് നമ്മുക്ക് ബോധ്യപ്പെടും.ഇതൊഴിവാക്കാൻ സാധനങ്ങൾ വാങ്ങാൻ തുണിസഞ്ചിയും, എഴുതാൻ ഫൗണ്ടൻ പേനയും,6 വെള്ളം കൊണ്ടുവരാൻ സ്റ്റീൽ ബോട്ടിലുകളും നമ്മുക്ക് വീണ്ടും ഉപയോഗിച്ച് തുടങ്ങാം.....
ഇതിന്റെ തുടക്കം നമ്മളിൽ നിന്നു തന്നെയാവട്ടെ.

***സാനിയാ സാലസ്***

# ഒരു പ്രകൃതിദത്ത പാനീയം

ഒരു പാത്രത്തിൽ മൂന്ന് ഗ്ലാസ് വെള്ളം എടുക്കുക.അതിൽ അഞ്ചിതൾ ചുവപ്പ് ചെമ്പരത്തി പൂവ് (പത്ത് എണ്ണം)ഇട്ട് തിളപ്പിച്ച വെള്ളം ഒരു ഗ്ലാസ്സിൽ ആക്കുക.ഈ മിശ്രിതം നന്നായി തണുത്തതിനു ശേഷം ഒരു ബോട്ടിലിൽ നിറച്ചു-വയ്ക്കുക.ഒരു സ്പൂൺ മിശ്രിതവും കുറച്ച് നാരങ്ങാനീരും ആവശ്യത്തിന് പഞ്ചസാരയും ഒരു ഗ്ലാസ് വെള്ളത്തിൽ ചേർത്ത് ഉപയോഗിക്കാം.ഇതിന്റെ നിറം കുട്ടികൾക്ക് വളരെ പ്രിയങ്കരമാകും.



**മേരിമോൾ**
**(അധ്യാപിക)**

# പഴഞ്ചൊല്ലുകൾ

- എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം.
  നല്ലപോലെ അധ്വാനിച്ചാൽ സുഖമായി അനുഭവിക്കാം.
- ആറ്റിൽ കളഞ്ഞാലും അളന്നു കളയണം.
  എന്തു ചെലവാക്കിയാലും അതിന് കണക്കുവേണം.
- അടയ്ക്ക മടിയിൽ വയ്ക്കാം; മരമായാലോ?
  ചെറുപ്പത്തിൽ കുട്ടികളെ നിയന്ത്രിക്കാം.മുതിർന്നാൽ ആവില്ല.
- ആരാന്റമ്മയ്ക്കു ഭ്രാന്തു പിടിച്ചാൽ കാണാൻ നല്ല രസം.
  മറ്റുള്ളവർക്ക് ആപത്ത് വരുമ്പോൾ സന്തോഷിക്കുന്ന സ്വഭാവം.
- ആശാനും അടവു തെറ്റും.
  പഠിച്ചവർക്കും അടവു തെറ്റും.
- കഥയിൽ ചോദ്യമില്ല.
  കഥയിൽ യുക്തിയില്ലെന്നർത്ഥം.
- കയ്യനഞ്ഞിയാലേ വായനഞ്ഞൂ.
  അധ്വാനിച്ചാലേ ആഹാരം ലഭിക്കൂ.
- കൈ നനയാതെ മീൻ പിടിക്കുക.
  കഷ്ടപ്പെടാതെ നേട്ടമുണ്ടാക്കുക.
- കൊക്കിന് വച്ചത് ചക്കിന് കൊണ്ടു.
  ഒരാളെ ഉദ്ദേശിച്ച് പ്രവർത്തിച്ചത് മറ്റൊരാൾക്ക് ഏറ്റു.

- ചൊട്ടയിലെ ശീലം ചുടലവരെ.
  കുട്ടിക്കാലത്തെ ശീലം മരിക്കുവോളം.

# കടങ്കഥകൾ

- താനേ വന്നു താനേ പോയി വന്നപ്പം ചൂട്, പോയപ്പോളിരുട്ട്.
 ഉത്തരം: സൂര്യൻ
- ഒരമ്മ ഒന്നേ പ്രസവിക്കൂ.
 ഉത്തരം: വാഴ
- കുളിക്കാൻ പോകുമ്പോൾ വെളുത്തിട്ട്,കുളിച്ചു വരുമ്പോൾ ചുവന്നിട്ട്.
 ഉത്തരം: അപ്പം
- ചട്ടിക്കു മീതെ തട്ട്,തട്ടിനുമീതേ തൂണ്,തൂണിനുമീതേ പന്തൽ
 ഉത്തരം : ചേന
- ചെറിയ സഞ്ചിയിൽ ചെറിയരി നിറയെ
 ഉത്തരം : വറ്റൽമുളക്

## ഇന്ത്യൻ റുപ്പികയിലെ ചിത്രങ്ങൾ

5 - ട്രാക്ടറും കർഷകനും
10 - വന്യമൃഗങ്ങൾ
10 - കൊണാർക്കിലെ സൂര്യക്ഷേത്രം
20 - കടൽത്തീരം
50 - പാർലമെന്റ് മന്ദിരം
100 - റാണി കീ വാവ്
100 - ഹിമാലയവും മലനിരയും
200 - സാഞ്ചിസ്തൂപം
500 - ചെങ്കോട്ട
2000 - മംഗൾയാൻ



# കുസൃതിച്ചോദ്യങ്ങൾ

- ഏറ്റവും ചെറിയ പാലം ?
  ഉത്തരം: മൂക്കിന്റെ പാലം
- താമസിക്കാൻ പറ്റാത്ത വീട് ?
  ഉത്തരം: ചീവീട്
- തലകുത്തി നിന്നാൽ വലുതാകുന്ന സംഖ്യ ?
  ഉത്തരം: 6
- ആവശ്യമുള്ളപ്പോൾ വലിച്ചെറിയും,ആവശ്യം കഴിഞ്ഞാൽ സൂക്ഷിച്ചുവെയ്ക്കും?
  ഉത്തരം: വീശുവല
- വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു ?
  ഉത്തരം: നിഴൽ
- തലയുള്ളപ്പോൾ ഉയരം കുറവ്, തലയില്ലാത്തപ്പോൾ ഉയരം കൂടുതൽ ?
  ഉത്തരം: തലയിണ
- വലിക്കും തോറും നീളം കുറയുന്നത് എന്തിന് ?
  ഉത്തരം: സിഗരറ്റ്
- മീനിനെ പിടിച്ച് കരയ്ക്കിട്ടാൽ എന്തുപറ്റും ?
  ഉത്തരം: മണ്ണ് പറ്റും
- ഒറ്റയ്ക്ക് സംഘഗാനം പാടുന്നതാര് ?
  ഉത്തരം: രാവണൻ
- ചെവിയിൽ കാലുവെച്ച് ഇരിക്കുന്നതാര് ?
  ഉത്തരം: കണ്ണട

# പള്ളിക്കൂടത്തിൻ പടിയിറങ്ങുമ്പോൾ...

ഒരു അധ്യാപക കുടുംബത്തിൽ നിന്നുമാണ് ഞാൻ വരുന്നത്. എന്റെ അപ്പച്ചി നാരായണി ടീച്ചറും അപ്പച്ചിഅപ്പൻ തങ്കപ്പൻ സാറും ആണ് ടീച്ചർ എന്ന ജോലി തിരഞ്ഞെടുക്കാൻ എന്നെ പ്രേരിപ്പിച്ചത്.

ചേർത്തല സൗത്ത് ഗവ.ഹയർ സെക്കന്ററി സ്കൂളിൽ ഒന്നാം ക്ലാസ്സിൽ നാരായണി അപ്പച്ചിയുടെ കൂടെയാണ് പഠിക്കാൻ പോയത്.

എന്നെ ആശാൻ കളരിയിൽ പഠിപ്പിച്ച കുമാരനാശാൻ മുതൽ B.Ed-ന് പഠിപ്പിച്ച സുകുമാരൻ സാർ വരെയുള്ള എല്ലാ ഗുരു ജനങ്ങളേയും മനസ്സാ നമിക്കുന്നു.ജീവിത്തിൽ വിജയങ്ങളെ ഉള്ളൂ. B .Ed-ന് കോഴിക്കോട് Training-College-ൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ H SA Malayalam Teacher ആയി 5-1-1988-ൽ ജോയിൻ ചെയ്തു.യാത്ര ഇഷ്ടമായതുകൊണ്ട് കാസർഗോഡ് ജില്ലയിൽഗവ.ഹൈസ്കൂളിൽ തച്ചങ്ങാട് ജോലിയിൽ പ്രവേശിച്ചു.1990 ഏപ്രിൽ 9-ാം തീയതി വിവാഹം.1991-ൽ മോളെ ലഭിച്ചതോടെ യാത്ര വിഷമമായി.കുഞ്ഞിനെനോക്കാൻ ആളെയും ഇവിടെ നിന്നു കൊണ്ടുപോകണം.അമ്മയെയാണ് ആദ്യം കൊണ്ടു പോയത്.അവിടുത്തെ കാലാവസ്ഥ അമ്മയ്ക്ക് പറ്റിയില്ല.പിന്നെ ആ നാട്ടുകാരാണ്,മലപ്പുറം ജില്ലക്കാരാണ് മോളേയും മോനേയും വളർത്തി തന്നത്.

ഇനി പഠിച്ച സ്കൂളിൽ പഠിപ്പിക്കണം എന്നതായിരുന്നു അടുത്ത ആഗ്രഹം.അത് 2002 ആഗസ്റ്റ് മാസം ചേർത്തല സൗത്തിൽ Inter District Transfer ആയി ജോയിൻ ചെയ്തു.അപ്പോഴും,മലബാറിൽ വർക്ക്ചെയ്തപ്പോഴും ഗവ.ഹൈസ്ക്കൂൾ പൊള്ളേത്തൈ നോട്ടമിട്ടിരുന്നു.2003 ജൂലൈ 8-ാം തീയതി ജോയിൻ ചെയ്തു. ഇനി പടിയിറക്കം.....................

ആഗ്രഹങ്ങളെല്ലാം ഈശ്വരൻ സാധിച്ചു തന്നതിനും, നല്ല മക്കളെ പഠിപ്പിക്കാൻ കഴിഞ്ഞതിനും ഒരായിരം നന്ദി..........!!



എ.ഓമന

അദ്ധ്യാപിക

# കാർട്ടൂൺ


ശബരിമല സുപ്രീംകോടതി വിധിയ്ക്കെതിരെ
താങ്കളുടെ വിധി കൊണ്ട്
യഥാർഥത്തിൽ ആരൊ-
ക്കെയാണ് ശാക്തീകരി
ക്കപ്പെടുന്നത്.

-ജിസ്ന സി.ബി

# ഉണരുന്ന വിദ്യാലയം, ഉയരുന്ന ചിന്തകൾ

പൊതു വിദ്യാലയം ഇന്ന് ഉയർച്ചയുടെ പടവുകൾ താണ്ടുകയാണ്"പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം"എന്ന മഹത്പ്രവർത്തനങ്ങളോടെ വിദ്യാലയത്തിന്റെ അടിസ്ഥാനസൗകര്യവും അക്കാദമിക മികവുകളും ഏറെമെച്ചപ്പെടുന്നു.വിദ്യാലയം ഹരിതാഭമാകുന്നു ക്ലാസ്സ് മുറികളിലെ ബ്ലാക്ക്ബോർഡുകൾക്ക് പകരം വൈറ്റ്ബോർഡുകൾ. വിദ്യാർത്ഥികൾക്ക് പാഠഭാഗങ്ങൾ കണ്ടും,കേട്ടും പഠിക്കാൻ ഹൈടെക്ക് ക്ലാസ്സ്മുറികൾ.ഓരോ വർഷവും അദ്ധ്യാപകർക്ക് പകരുന്ന ചിട്ടയായ പരിശീലനത്തിലൂടെ കുട്ടികളുടെ ബുദ്ധിയും മറ്റ് കഴിവുകളും വളർത്തുന്ന പഠനരീതികൾ ഇങ്ങനെ എന്തുകൊണ്ടും ഇന്ന് പൊതുവിദ്യാലയം മറ്റ് അൺ-എയ്ഡഡ് സ്കൂളുകളേക്കാൾ ഏറെമെച്ചപ്പെട്ടെന്ന യാഥാർത്ഥ്യം പൊതുസമൂഹം തിരിച്ചറിയുകയാണ്.ഇതിന്റെ ഫലമാണ് ഓരോവർഷവും പൊതുവിദ്യാലയത്തിൽ പുതുതായി എത്തുന്ന കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ്.

"ഉയിരിന്റെ നന്മയായി മാറട്ടെ വിദ്യ
ഉണരാൻ കഴിവുള്ളതാകട്ടെ വിദ്യ
പുത്തൻ പടവുകൾ കാണാൻ കഴിയട്ടെ
നേടാം നമുക്കീ ഉലകത്തിൽ പലതും."

**കെ.ബി.ബിനു**
**എസ്.എം.സി.ചെയർമാൻ**



# നന്ദി .......

ഈ ഡിജിറ്റൽ മാഗസിന്റെ പൂർത്തീകരണത്തിന് സഹായിച്ച ഈ സ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, മാർഗ്ഗനിർദ്ദേശം നൽകിയ ജീനടീച്ചറിനും , ബ്രിജി ടീച്ചറിനും, വിജു സാറിനും
നിസീമമായ നന്ദി!

എഡിറ്റർ